(സി) പകർച്ചവ്യാധികൾ ഭീഷണിയായതുമുതൽ പ്രസിദ്ധീകരണത്തിനായി വിവരങ്ങൾ നൽകിത്തുടങ്ങി. എല്ലാ പ്രസ് റിലീസുകളും ലഭ്യമാക്കാൻ പ്രായോഗിക ബുദ്ധിമുട്ടുണ്ട്.

(ഡി) പൊതുജനങ്ങൾക്ക് ആരോഗ്യവകുപ്പിന്റെ പ്രവർത്തനങ്ങൾ മനസ്സിലാക്കുന്നതിനു വേണ്ടിയാണ്.

(ഇ) ആരോഗ്യവകുപ്പിൽ നിന്നും അനുവദിച്ച തുക പ്രധാനമായും അത്യാവശ്യ മരുന്നുകൾ വാങ്ങുന്നതിനും ലബോറട്ടറി ടെസ്റ്റു കിറ്റുകൾ വാങ്ങുന്നതിനും, പ്രതിരോധ പ്രവർത്തനങ്ങൾക്കായി ഫോഗിംഗ് മെഷീൻ, സ്പ്രെയർ എന്നിവയ്ക്കും ഐ.ഇ.സി. പ്രവർത്തനങ്ങൾക്കുമാണ് ചിലവഴിക്കുന്നത്. ചെലവഴിക്കപ്പെട്ട തുകയുടെ കണക്കുകൾ ക്ലോസ് ചെയ്ത ശേഷമേ കൃത്യമായ ചെലവ് കണക്കാക്കാൻ കഴിയൂ.

കാസർഗോഡ് ജില്ലയിൽ ഡെങ്കിപ്പനി ബാധിച്ച് ചികിത്സയ്ക്ക് എത്തിയവർ

93 (3846) ശ്രീ. എം. കുമാരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാസർഗോഡ് ജില്ലയിൽ കഴിഞ്ഞ മൂന്നുവർഷത്തിനുള്ളിൽ എത്ര പേരാണ് ഡെങ്കിപ്പനി ബാധിച്ച് ചികിത്സ തേടിയതെന്ന് വ്യക്തമാക്കാമോ ;

(ബി) ജില്ലയിൽ ഡങ്കിപ്പനി ബാധിച്ച് ആരെങ്കിലും മരണപ്പെട്ടതായി സർക്കാരിന് റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ ?

ഉത്തരം

(എ) കാസർകോട് ജില്ലയിൽ കഴിഞ്ഞ 3 വർഷത്തിനുള്ളിൽ 51 പേർ ഡങ്കിപ്പനിയ്ക്ക് ചികിത്സ തേടിയിട്ടുണ്ട്.

(ബി) ഇല്ല.

എയ്ഡ്സ് രോഗികൾക്ക് ആശ്വാസം നൽകുന്നതിനുള്ള നടപടികൾ

94 (3847) ശ്രീ. കെ. മോഹൻകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എയ്ഡ്സ് രോഗബാധിതർക്ക് ആശ്വാസം നൽകുന്നതിനായി എന്തെല്ലാം പരിപാടികളാണ് ഗവൺമെന്റിന്റെ പരിഗണനയിലുള്ളതെന്ന് അറിയിക്കുമോ ;

(ബി) സംസ്ഥാനത്ത് എയ്ഡ്സ് രോഗികൾക്ക് മാത്രമായി ചികിൽസാ കേന്ദ്രങ്ങളുണ്ടോ ;

(സി) എയ്ഡ്സ് ബാധിതർക്കു സൗജന്യമായി ഔഷധങ്ങളും മാർഗ്ഗനിർദ്ദേശവും നൽകുമോ ;

(ഡി) ഈ മേഖലയിൽ പ്രവർത്തിക്കുന്ന വിവിധ സന്നദ്ധ സംഘടനകളും സർക്കാർ ഏജൻസികളും യോജിച്ച് പ്രവർത്തിക്കുവാൻ നടപടി സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) രോഗലക്ഷണമുള്ളവരെ എല്ലാ പ്രധാന ആശുപത്രികളിലും കിടത്തി ചികിത്സിക്കുകയും അവർക്കുണ്ടാകുന്ന അനുബന്ധ രോഗങ്ങൾക്കു വേണ്ട മരുന്നുകൾ ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. അത്യാസന്ന നിലയിൽ കഴിയുന്ന എയ്ഡ്സ് രോഗികളുടെ പരിചരണത്തിനായി തൃശ്ശൂരിൽ പ്രവർത്തിക്കുന്ന കെയർ സെന്ററിന്റെ മാതൃകയിൽ കണ്ണൂരും തിരുവനന്തപുരത്തും ഓരോ സെന്റർ പ്രവർത്തനം ആരംഭിക്കാനുള്ള നടപടി സ്വീകരിച്ചുവരുന്നു. സിഡി 4 കൗണ്ട് ടെസ്റ്റിനുള്ള സംവിധാനം തിരുവനന്തപുരം മെഡിക്കൽ കോളേജിൽ ഏർപ്പെടുത്തിയിട്ടുണ്ട്. എച്ച്.ഐ.വി. ബാധിതയായ അമ്മയിൽ നിന്നും കുഞ്ഞിലേയ്ക്ക് എച്ച്.ഐ.വി. പകരുന്നത് തടയുന്നതിനു എല്ലാ മെഡിക്കൽ കോളേജ് ആശുപത്രികളിലും ഇപ്പോൾ നടപ്പിലാക്കുന്ന പദ്ധതി ജില്ലാതല ആശുപത്രികളിലും നടപ്പിലാക്കുന്നതാണ്.

(ബി) ഇല്ല.

(സി) നിലവിലുള്ള നയം അനുസരിച്ച് അനുബന്ധരോഗങ്ങൾക്കുള്ള ഔഷധവും മാർഗ്ഗ നിർദ്ദേശവും നൽകുന്നുണ്ട്. എച്ച്.ഐ.വി. ബാധിതരായ ഗർഭിണികളിൽ നിന്നും കുഞ്ഞുങ്ങളിലേക്കാണ് വ്യാപനം തടയുന്നതിനാവശ്യമായ ആന്റി റെക്ടോ വൈറൽ മരുന്നുകൾ സൗജന്യമായി നൽകുവാനുള്ള നടപടികൾ എടുത്തുവരുന്നു. വോളന്ററി കൗൺസലിംഗ് ആന്റ് ടെസ്റ്റിംഗ് സെന്ററുകളിലും പ്രോജക്ടുകളിലും കൗൺസിലർമാരുടെ ശേവനം സൗജന്യ മാർഗ്ഗ നിർദ്ദേശം നൽകുന്നതിനായി ലഭ്യമാക്കിയിട്ടുണ്ട്.

(ഡി) സന്നദ്ധ സംഘടനകളും സർക്കാർ ഏജൻസികളും യോജിച്ചാണ് പ്രവർത്തിക്കുന്നത്. ഇതിനായി ജില്ലാതലത്തിൽ എയ്ഡ്സ് കമ്മറ്റികൾ പ്രവർത്തിക്കുന്നുണ്ട്. ദേശീയ പരിപാടിയായ കുടുംബാരോഗ്യബോധവൽക്കരണ പരിപാടികളിൽ സർക്കാരിതര സന്നദ്ധ സംഘടനകളുടെ സജീവ പങ്കാളിത്തം ഉറപ്പുവരുത്തിയിട്ടുണ്ട്.

അന്തർദ്ദേശീയ ഡയബറ്റിക് ഇൻസ്റ്റിറ്റ്യൂട്ട്

95 (3848) ശ്രീ. പിരപ്പൻകോട് മുരളി : താഴെ കാണുന്ന ചോദ്യത്തിന് തദ്ദേശ ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

തിരുവനന്തപുരത്ത് സ്ഥാപിച്ചിട്ടുള്ള അന്തർദ്ദേശീയ ഡയബറ്റിക് ഇൻസ്റ്റിറ്റ്യൂട്ട് പൂർണ്ണമായ തോതിൽ എന്ന് പ്രവർത്തനം ആരംഭിക്കുമെന്ന് വെളിപ്പെടുത്താമോ ?

ഉത്തരം

അന്തർദ്ദേശീയ ഡയബറ്റിക് ഇൻസ്റ്റിറ്റ്യൂട്ട് ഭാഗികമായി പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. സെമിനാറുകൾ, ബോധവൽക്കരണ ക്യാമ്പുകൾ, ഡോക്ടർമാർക്കും പാരാ മെഡിക്കൽ സ്റ്റാഫിനും വേണ്ട പരിശീലനങ്ങൾ എന്നിവ നൽകിവരുന്നു. സ്ഥാപനത്തിന്റെ ചീഫ് എക്സിക്യൂട്ടീവ് ഓഫീസറായി ഡോ. അശോക് കുമാർ ദാസ് എന്ന പ്രമുഖ ഡയബറ്റിക് ചികിത്സാ വിദഗ്ദ്ധനെ

LIBRARY ARCHIVES Kerala Legislative Assembly